# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6749 | 10.07.2014 ൽ മറുപടിക്ക്

## തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഒമ്പതാം വാർഡിലെ കൊലപാതകം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.എസ്. സലീഖ | ശ്രീ. വി.എസ്. ശിവകമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഒമ്പതാം വാർഡിൽ കൊലപാതകം നടന്നത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ എത്ര പേർ മരണപ്പെട്ടു; അവർ ആരെല്ലാം; കാരണം എന്തെന്ന് വ്യക്തമാക്കുമോ; | (എ) തിരുവനനതപുരം ജനറൽ ആശുപത്രിയിൽ ചികിത്സയിലായിരുന്ന രോഗികൾ, അക്രമാസക്തനായ രോഗിയുടെ മർദ്ദനമേറ്റ് മരിക്കാനിടയായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2 പേർ മരണപ്പെട്ടു. അവരുടെ പേരും മേൽവിലാസവും ചുവടെ ചേർക്കുന്നു.<br>1. കൃഷ്ണൻ, ഐ.പി.നം.4372, C/o.ജോയി, അയൽവാസി, നെയ്യാറ്റിൻകര.<br>2. സുദർശനൻ, ഐ.പി.നം.7424, C/o.108 ആംബുലൻസ്, രാജാജി.<br>ഒമ്പതാം വാർഡിൽ പ്രവേശിപ്പിച്ചിരുന്ന രോഗികൾ തമ്മിലുണ്ടായ കശപിശയെ തുടർന്ന് പെട്ടെന്ന് അക്രമാസക്തനായ ഒരു രോഗി (മണിലാൽ) മറ്റു രണ്ടു പേരെയും മർദ്ദിച്ച് അവശനാക്കുകയും, തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലായിരിക്കെ രണ്ടു പേരും മരണപ്പെടുകയുമാണ് ഉണ്ടായത്. |
| (ബി) വാർഡുകളിൽ രോഗികൾ ഏറ്റുമുട്ടി മരണപ്പെടുന്നത് ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം; | (ബി) കോഴിക്കോട് ജില്ലയിലെ കതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിലെ ഫോറൻസിക് സെല്ലിൽ 29.06.2014 ന് രാവിലെ 5.45 ന് ഒരു രോഗി മറ്റൊരു രോഗിയുടെ ആക്രമണത്തിൽ മരിക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| (സി) | ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ എന്തു നടപടി സ്വീകരിക്കും; വ്യക്തമാക്കുമോ; | (സി) | ഇത്തരം സംഭവങ്ങൾ സർക്കാർ ആശുപത്രികളിൽ ഉണ്ടാകാതിരിക്കാനുള്ള ചില നിർദ്ദേശങ്ങളടങ്ങിയ ആരോഗ്യവകുപ്പ് ഡയറക്ടറുടെ സർക്കുലർ എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സംഭവത്തിലെ ഉദ്യോഗസ്ഥ വീഴ്ച പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ഡി) | ഇതിൽ ഉദ്യോഗസ്ഥതലത്തിൽ വീഴ്ചയുള്ളതായി കണ്ടെത്തിയിട്ടില്ല. പ്രസ്തുത സമയത്ത് എല്ലാ ജീവനക്കാരും ഡ്യൂട്ടിയിലുണ്ടായിരുന്നു. ഏറ്റുമുട്ടലുണ്ടായ സമയത്ത് ഉടൻതന്നെ ജീവനക്കാർ ഡ്യൂട്ടി ഡോക്ടറെ വിവരം അറിയിക്കുകയും വേണ്ടത്ര ചികിത്സ നല്കുകയും ചെയ്തിരുന്നു. കൂടാതെ, സ്ഥിതി മോശമായതിനാൽ ആശുപത്രി ആംബുലൻസിൽ തന്നെ വേണ്ടത്ര ജീവനക്കാരെയും കൂട്ടി മെച്ചപ്പെട്ട ചികിത്സയ്ക്കായി മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുകയും ചെയ്തിരുന്നു. സംഭവം, ആശുപത്രി സൂപ്രണ്ട് അപ്പോൾ തന്നെ കന്റോൺമെന്റ് പോലീസിനെ അറിയിക്കുകയും ചെയ്തിരുന്നു. |
| (ഇ) | പ്രസ്തുത ഒമ്പതാം വാർഡിൽ അവശ്യം വേണ്ടുന്ന ഉദ്യോഗസ്ഥർ എത്ര; സംഭവ ദിവസം എത്ര ഉദ്യോഗസ്ഥർ ഡ്യൂട്ടിക്കുണ്ടായിരുന്നു എന്നും വ്യക്തമാക്കുമോ; | (ഇ) | പ്രസ്തുത ഒമ്പതാം വാർഡിൽ ഇപ്പോൾ നിലവിൽ പത്ത് സ്റ്റാഫ് നഴ്സ്, രണ്ട് ഹെഡ് നഴ്സ്, എട്ട് ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ്-2, നാല് നഴ്സിംഗ് അസിസ്റ്റന്റ്, ഒമ്പത് ഹോം നഴ്സ് (7 സ്ത്രീകളും, രണ്ടു പുരുഷൻമാരും), ഒരു ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ്-1, ഒരു ഗേറ്റ് കീപ്പർ എന്നിവർ ഡ്യൂട്ടി എടുക്കുന്നുണ്ട്. സംഭവ സമയം, രണ്ട് സ്റ്റാഫ് നഴ്സും, രണ്ട് ഹോം നഴ്സും (1 സ്ത്രീയും 1 പുരുഷനും), ഒരു ഗ്രേഡ്-2 അറ്റൻഡറും ഡ്യൂട്ടിയ്ക്ക് ഉണ്ടായിരുന്നു. |
| (എഫ്) | ഈ സർക്കാർ വന്നതിനുശേഷം നാളിതുവരെ ഒമ്പതാം വാർഡിൽ രോഗികൾക്കൊപ്പം മൃതദേഹം മണിക്കൂറുകളോളം കിടത്തിയ സംഭവം അന്വേഷിച്ചുവോ; | (എഫ്) | അന്വേഷിച്ചിരുന്നു. |
| (ജി) | എങ്കിൽ ഇതു പരിശോധിച്ച് നടത്തിയ പ്രഖ്യാപനങ്ങൾ എന്തെല്ലാം; ഇവയിൽ ഏതെല്ലാം നടപ്പിലായി എന്നു വ്യക്തമാക്കുമോ; | (ജി) | പത്ര മാധ്യമങ്ങളിൽ വന്ന റിപ്പോർട്ടിന്റെ തുടർച്ചയായി, മനുഷ്യാവകാശ കമ്മീഷൻ സെക്രട്ടറിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഒമ്പതാം വാർഡ് സന്ദർശിച്ച് കണ്ടെത്തിയ അപാകതകളുടെ അടിസ്ഥാനത്തിൽ നടപ്പാക്കാൻ തന്ന ശുപാർശകൾ എല്ലാംതന്നെ നടപ്പിലാക്കിയിട്ടുണ്ട്. അപ്രകാരം സ്വീകരിച്ച |

നടപടികൾ ചുവടെ ചേർക്കുന്നു.

1. മൃതദേഹം രോഗികൾക്കൊപ്പം കിടത്തിയതിന്, ബന്ധപ്പെട്ടവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.
2. മാനസികാരോഗ്യ ആശുപത്രിയിൽ ചികിത്സ ആവശ്യമുള്ള രോഗികളെ മെന്റൽ ഹെൽത്ത് സെന്ററിലേക്ക് (സി.ജെ.എം.മുഖേന) മാറ്റിയിട്ടുണ്ട്.
3. രോഗ വിമുക്തരായവരെ, സോഷ്യൽ വെൽഫെയർ ഡിപ്പാർട്ട്മെന്റ്, സോഷ്യൽ സെക്യൂരിറ്റി മിഷൻ എന്നിവരുമായി സഹകരിച്ച് പുനരധിവാസ കേന്ദ്രങ്ങളിലേയ്ക്ക് മാറ്റുന്നുണ്ട്. എന്നാൽ ഒമ്പതാം വാർഡിലേക്കുള്ള തുടർച്ചയായ അഡ്മിഷനും, ഭേദമായവരെ പുനരധിവസിപ്പിക്കാൻ കഴിയാത്തതും ഒമ്പതാം വാർഡിൽ വീണ്ടും രോഗികളുടെ ബാഹുല്യം ഉണ്ടാക്കുന്നു.
4. എല്ലാ രോഗികൾക്കും കിടക്കകളും കട്ടിലുകളും ലഭ്യമാക്കിയിട്ടുണ്ട്. വാർഡിലും പരിസരത്തും ആവശ്യമായ ലൈറ്റ് സ്ഥാപിച്ചിട്ടുണ്ട്.
5. 24 മണിക്കൂറും നഴ്സിംഗ് സപ്പോർട്ട് ലഭ്യമാക്കുന്നുണ്ട്.
6. സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനം ആവശ്യാനുസരണം ലഭ്യമാക്കുന്നുണ്ട്.
7. ഡോക്ടേഴ്സിനും സ്റ്റാഫ് നഴ്സിനും കർത്തവ്യങ്ങളും ചുമതലകളും രേഖപ്പെടുത്തി നല്കിയിട്ടുണ്ട്.
8. എല്ലാ ദിവസവും ആശുപത്രി സൂപ്രണ്ട് ഒമ്പതാം വാർഡ് സന്ദർശിക്കുകയും വാർഡിൽ രജിസ്റ്റർ സൂക്ഷിച്ച് ഒപ്പിടുകയും ചെയ്യുന്നുണ്ട്. വേണ്ടുന്ന നിർദ്ദേശങ്ങൾ ജീവനക്കാർക്ക് നല്കുന്നുമുണ്ട്. ഡെപ്യൂട്ടി സൂപ്രണ്ട് ദിവസേന വാർഡ് സന്ദർശിച്ച് കാര്യങ്ങൾ വിലയിരുത്തുന്നുണ്ട്.
9. മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് ഒമ്പതാം വാർഡിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്.
10. ഒമ്പതാം വാർഡിൽ സി.സി.ടി.വി സ്ഥാപിച്ചിട്ടുണ്ട്.
11. നിലവിൽ 9 ഹോം നഴ്സുമാർ, (രണ്ട് പുരുഷന്മാരും, ഏഴ് സ്ത്രീകളും) ഒമ്പതാം വാർഡിലെ രോഗികളെ പരിചരിക്കുന്ന

| | | |
|---|---|---|
| | | തിനായിട്ടുണ്ട്. അവർക്ക് ജോലി കാര്യത്തിൽ വ്യക്തമായ നിർദ്ദേശം നൽകിയിട്ടുള്ളതും അവർ അത് പാലിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ, 2 പുരുഷ ഹോം നഴ്സമാരെ കൂടി നിയമിക്കുന്നതിന് സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. |
| (എച്ച്) | 9-ാം വാർഡിൽ കിടത്തുന്ന രോഗികളെ അസുഖം മാറിയ ശേഷം പുനരധിവസിപ്പിക്കാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ? | (എച്ച്) നിർദ്ധനരും, വയോധികരും, അശരണരുമായ രോഗികളെയാണ് ഒമ്പതാം വാർഡിൽ പ്രവേശിപ്പിക്കുന്നത്. രോഗം ഭേദമാകുന്നവരെ, സാമൂഹ്യനീതി വകുപ്പ്, സോഷ്യൽ സെക്യൂരിറ്റി മിഷൻ എന്നിവരുമായി ബന്ധപ്പെട്ട്, പുനരധിവാസ കേന്ദ്രങ്ങളിലേയ്ക്ക് മാറ്റി വരുന്നുണ്ട്. കൂടാതെ, മേൽവിലാസമുള്ളവരെ, ബന്ധുക്കളെ കണ്ടെത്തി, തിരികെകൊണ്ടു പോകുന്നതിനായി എ.ഡി.എം-ന് അപേക്ഷ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ